# മിന്നാമിന്നുങ്ങുകൾ

## ഗാന്ധി സ്മാരക ഹൈ സ്കൂൾ

### അഷ്ടമിച്ചിറ.......

മഹാത്മാഗാന്ധിയുടെ സ്മാരകമായ ഈ വിദ്യാലയം 1945 ജൂണിലാണ് ആരംഭിച്ചത് പ്രീ പ്രൈമറി ക്ലാസ്സ് മാത്രമേ തുടക്കത്തിൽ ഉണ്ടായിരുന്നുള്ളൂ. അഷ്ടമിച്ചിറ എൻ.എസ്.എസ് കരയോഗം ( 1976 വരെ അഷ്ടമിച്ചിറ നായർസമാജം ) വകയായ ഈ സ്ഥാപനത്തിൻറെ ആദ്യത്തെ മാനേജർ സമാജം പ്രസിഡണ്ട് ശ്രീ കാലടി കൃഷ്ണൻകുട്ടി മേനോൻ ആയിരുന്നു.ശ്രീ കെ കുമാര മേനോനായിരുന്നു ഒന്നാമത്തെ അധ്യാപകൻ.



1949 ൽ ഈ വിദ്യാലയം ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഒട്ടേറെ അഭ്യുദയകാംക്ഷികളുടെ ഉള്ളഴിഞ്ഞ സഹായസഹകരണങ്ങൾ കൊണ്ടാണ് ഈ സ്ഥാപനം ഇന്നത്തെ നിലയിലെത്തിയത്.

സ്ഥാപനത്തിന്റെ വളർച്ചയിൽ താങ്ങും തണലുമായിരുന്ന സർവ്വശ്രീ അമ്പാടി ശങ്കരമേനോൻ, പനമ്പിള്ളി ഗോവിന്ദമേനോൻ, സി.എസ് പണിക്കർ, മുൻ മുഖ്യ മന്ത്രി കെ.കരുണാകരൻ, പുത്തൻവീട്ടിൽ ശങ്കരമേനോൻ, വി.പി ശങ്കരൻനായൻ, നാരായണമേനോൻ, കെ.കൊച്ചുഗോവിന്ദപണിക്കർ, കെ.കൃഷ്ണൻകുട്ടി മേനോൻ എന്നിവരുടെ പേരുകൾ പ്രത്യേകം എടുത്ത് പറയാൻ ഞങ്ങൾക്ക് കടപ്പാടുണ്ട്. ശ്രീ വി പി ശങ്കരൻനായർ മാനേജർ എന്ന നിലക്കും ദീർഘകാലം സുത്യർഹമായ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

1951 ജൂണിൽ പത്താം ക്ലാസ് തരം തിരിച്ചതോടെ, അതുവരെ സർക്കാർ സർവീസിൽ ആയിരുന്ന ശ്രീ പി.എ നാരായണമേനോൻ റിട്ടയർമെൻറ് പെൻഷൻ വാങ്ങി ഈ വിദ്യാലയത്തിന്റെ പ്രധാന അധ്യാപക സ്ഥാനം ഏറ്റെടുത്തത് ഈ സ്ഥാപനത്തിന് ഭാഗ്യം എന്നെ പറയേണ്ടതുള്ളു. കേരളത്തിലെ അച്ചടക്കമുള്ള

സ്കൂൾ എന്ന പ്രശസ്തി ഈ വിദ്യാലയത്തിൽ നേടിക്കൊടുത്തു. മാത്രമല്ല വിദ്യാഭ്യാസത്തെ പുസ്തകത്തിലൊതുക്കാതെ ഗാന്ധിജി വിഭാവനം ചെയ്ത സർവ്വതോമുഖമായ വികസനത്തിനുള്ള വേദിയാക്കി മാറ്റുകയും ചെയ്തു. സുവർണ്ണജൂബിലി ആഘോഷത്തിനിടയ്ക്ക് നിര്യാതനായ അദ്ദേഹത്തിൻറെ ആത്മാവിന് നിത്യശാന്തി നേരുവാൻ ഈ അവസരം ഉപയോഗിച്ച് കൊള്ളുന്നു.

തുടർന്ന് പ്രധാന അധ്യാപിക ആയത് ശ്രീമതി കെ അമ്മിണിയാണ്. അവർ തന്റെ മുൻഗാമിയുടെ കാലടിപ്പാടുകളെ പിന്തുടരുകയും 21 വർഷക്കാലം വിദ്യാലയത്തിന്റെ നിലക്കും വിലക്കും ഇടിവു വരാതെ ആ സ്ഥാനത്ത് തുടരുകയും ചെയ്തു. വള്ളത്തോൾ പ്രോജക്ട്, ഓണത്തിന് ഒരു പറ നെല്ല് എന്ന കാർഷിക പരിപാടി, കലാപ്രതിഭകൾക്ക് വേണ്ടിയുള്ള സ്ഥിരം സമ്മാനപദ്ധതി, റീഡിങ് ഹാൾ, കേന്ദ്രമന്ത്രിമാരെയും എണ്ണപ്പെട്ട സാംസ്കാരിക നേതാക്കളെയും കലാകാരന്മാരെയും പങ്കെടുപ്പിച്ചു

കൊണ്ട് പത്തു ദിവസം നീണ്ടുനിന്ന രജതജൂബിലി ആഘോഷങ്ങൾ തുടങ്ങി ഒട്ടേറെ പ്രധാനപ്പെട്ട പ്രവർത്തനങ്ങൾ അവരുടെ കാലത്ത് നടന്നിട്ടുണ്ട്. നിസ്വാർത്ഥമായ ആ സേവനത്തെ സർക്കാർ സംസ്ഥാന അവാർഡ് നൽകി ആദരിച്ചു. പിന്നീട് പ്രധാന അധ്യാപകരായി സ്ഥാനം എടുത്ത പി രാമൻ, പീതാംബരൻ എന്നിവർ യഥാക്രമം ദേശീയ അവാർഡും സംസ്ഥാന അവാർഡും നേടിയിട്ടുണ്ട്. ശ്രീ പീതാംബരന്‌ ദേശീയ അധ്യാപക സംഘടന ഏർപ്പെടുത്തിയ ഗുരുശ്രേഷ്ഠ അവാർഡ് ലഭിച്ചു. ഇതിനിടക്ക് കുറച്ചുകാലം പ്രധാന അധ്യാപക സ്ഥാനം വഹിച്ച ശ്രീ എ എം അലി, ശ്രീമതി സരോജം എന്നിവരും മികച്ച സേവനം കാഴ്ചവെക്കുകയുണ്ടായി.

ദീർഘകാലത്തെ അമൂല്യ സേവനത്തെ പരിഗണിച്ചു ഭാഷാ അധ്യാപകനായ ശ്രീ. ടി. കെ. അച്യുതന്‌ കേന്ദ്രസർക്കാർ ദേശീയ അധ്യാപക അവാർഡ് സമ്മാനിച്ചു. അദ്ദേഹവും ശ്രീമതി അമ്മിണിയും അവർക്ക് ലഭിച്ച അവാർഡ് തുക

സ്കൂളിലെ ശ്രേയസ്സിനു വേണ്ടി
നിക്ഷേപിക്കുകയാണുണ്ടായത്.
കലാകായികരംഗങ്ങളിൽ ഉന്നതനിലവാരം
പുലർത്തിയ ഒട്ടേറെ വിദ്യാർഥികളെ
വളർത്തിയെടുക്കാൻ ഈ വിദ്യാലയത്തിനു
കഴിഞ്ഞിട്ടുണ്ട്. അതിനുപിന്നിൽ പ്രവർത്തിച്ച
അധ്യാപകരോട് മാനേജ്മെൻറിലെ നിസീമമായ
കൃതജ്ഞതയുണ്ട്. ശ്രീമതി എ. ജയലക്ഷ്മി
മൂന്നുവർഷം തുടർച്ചയായി സംസ്ഥാന
യുവജനോത്സവത്തിൽ കലാതിലകപ്പട്ടം നേടി.
ശ്രീ. എ. രാജഹരിപ്രസാദ് ഒരുവർഷം സംസ്ഥാന
സംസ്കൃതോത്സവത്തിൽ കലാപ്രതിഭയായി
തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
ഡോക്ടർ പി.സോമസുന്ദരം, ഡോക്ടർ പി.എസ്
ജയരാജ് എന്നിവർ അന്താരാഷ്ട്രതലത്തിൽ
അംഗീകാരം നേടിയ പൂർവ
വിദ്യാർഥികളാണ്.ഒട്ടേറെ ഡോക്ടർമാരെയും
എഞ്ചിനീയർമാരെയും ഞാൻ മഴയും സാംസ്കാരിക
പ്രതിഭകളെയും വളർത്തിയെടുക്കുവാൻ ഈ
വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.

ശ്രീ കെ. കെ കുമാര മേനോൻ, ശ്രീ. എ.എം അലി, ശ്രീ. ടി.കെ അച്ച്യുതൻ എന്നിവരുടെ പേരിൽ യഥാക്രമം സ്ഥാപിച്ചിട്ടുള്ള റീഡിംഗ് റൂം, ടവർ ക്ലോക്ക്, റീഡേഴ്സ് ഫോറം എന്നിവ വിദ്യാർത്ഥികൾക്കും നാട്ടുകാർക്കും അവരോടുള്ള പ്രത്യേക ആദരവിന്റെ സ്മാരകങ്ങളാണ്. പൂർവ്വവിദ്യാർത്ഥികളും അഭ്യുദയകാംക്ഷികളും ചേർന്ന് സ്കൂൾ യുവജനോത്സവത്തിൽ വിജയിക്കുന്നവർക്ക് സമ്മാനം നൽകുന്നതിനുവേണ്ടി 15000 രൂപയുടെ നിക്ഷേപം ഏർപ്പെടുത്തിയിട്ടുണ്ട്. ക്ലാസുകളിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്നവർക്ക് സമ്മാനം നൽകുന്നതിനുവേണ്ടി 26983 രൂപയുടെ നിക്ഷേപമുണ്ട്. പൂർവ വിദ്യാർത്ഥിയായ ശ്രീ ജി.പ്രദീപ് കുമാർ സാമ്പത്തിക പരാധീനത മിടുക്കന്മാരായ രണ്ട് വിദ്യാർത്ഥികളെ സഹായിക്കുന്നതിന് വേണ്ടി 10,000 രൂപയുടെ നിക്ഷേപവും ഏർപ്പെടുത്തിയിട്ടുണ്ട്. പൂർവവിദ്യാർഥിയായ ഡോക്ടർ പി.സോമസുന്ദരത്തിൻറെ ശ്രമഫലമായി

അമേരിക്കൻ സംഘടനയായ വി.എസ്.ഇ. ഐ. അർഹിക്കുന്ന സാധു വിദ്യാർത്ഥികൾക്ക് വർഷംതോറും 365 ഡോളർ സഹായം എത്തിക്കുന്നത് കൂടാതെ ധാരാളം വിലപിടിച്ച പഠനോപകരണങ്ങൾ നൽകാറുണ്ട്. സഞ്ചയിക, ഹെൽത്ത് ക്ലബ്, ഫാർമേഴ്സ് ക്ലബ്, സാഹിത്യസമാജം, കയ്യെഴുത്തുമാസിക, സ്കൂൾ കോംപ്ലക്സ് എന്നിവ കൂട്ടായ്മയോടെ നടക്കുന്ന മറ്റു പരിപാടികൾ ആണ്.

പതിനായിരത്തിൽപരം പുസ്തകങ്ങളുള്ള ഒരു ലൈബ്രറിയും ആയിരത്തിലേറെ മികച്ച ഗ്രന്ഥങ്ങളുള്ള ഒരു റീഡേഴ്സ് ഫോറവും സ്കൂളിൽ പ്രവർത്തിക്കുന്നുണ്ട്.

1962-ലാണ് എൽ പി വിഭാഗം ഹൈസ്കൂളിൽ നിന്ന് വേർതിരിച്ച് കരയോഗം ഓഫീസ് സ്ഥിതിചെയ്യുന്ന പറമ്പിലേക്ക് മാറ്റിയത്. എൽ പി വിഭാഗം അധ്യാപകരുടെ സമർത്ഥമായ മേൽനോട്ടത്തിൽ അവിടത്തെ കുട്ടികൾ കലാകായികരംഗങ്ങളിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.

അതാതുകാലത്തെ പി.ടി.എ കമ്മിറ്റികൾ സ്കൂളിൽ വേണ്ടി ചെയ്തിട്ടുള്ള സേവനങ്ങൾ അവിസ്മരണീയമാണ്. ഹൈസ്കൂളിനും എൽ.പി സ്കൂളിനും വെവ്വേറെ പി.ടി.എ ഉണ്ട്. മാതൃസംഗമം പരിപാടിയനുസരിച്ച് എൽ.പി സ്കൂളിലെ കുട്ടികളുടെ അമ്മമാർക്ക് കൊല്ലംതോറും ബോധവൽക്കരണം നടത്താറുണ്ട്. 1993-94 വർഷത്തിൽ ഇരിഞ്ഞാലക്കുട വിദ്യാഭ്യാസ ജില്ലയിൽ ഏറ്റവും നല്ല പി.ടി.എ.ക്കുള്ള ഇരിഞ്ഞാലക്കുട സിറ്റിസൺ ഫോറത്തിന്റെ താൻസി ഷാഹുൽഹമീദ് മെമ്മോറിയൽ ട്രോഫി ശ്രീ എം.ആർ സുധാകരൻ പ്രസിഡൻറ് ആയുള്ള ഹൈസ്കൂൾ പി.ടി.എ.ക്കാണ് ലഭിച്ചത്.

അഷ്ടമിച്ചിറ എൻ എസ് എസ് കരയോഗത്തിന്റെ മാനേജ്മെന്റ് നടത്തിവരുന്ന ഈ വിദ്യാലയത്തിൽ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും ജാതിമതഭേദമന്യേ സഹകരിച്ച് പ്രവർത്തിച്ചു വരുന്നു. അഞ്ച് പതിറ്റാണ്ടുകൊണ്ട്, സാംസ്കാരികവും സാമൂഹികവും ആയ മണ്ഡലങ്ങളിൽ ഈ വിദ്യാലയം

കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ അനവധിയാണ്. അവാർഡ് ലഭിച്ച അധ്യാപകർ കുറച്ചേ ഉണ്ടായിട്ടുള്ളൂ എങ്കിലും മറ്റെല്ലാവരും അവരോടൊപ്പം നിൽക്കുന്നവരും ജാഗരൂകരും ആണെന്ന് പറയാൻ ഞങ്ങൾക്ക് സന്തോഷമുണ്ട്. എൻ എസ് എസ് കരയോഗം കൊല്ലംതോറും തിരഞ്ഞെടുക്കുന്നവരാണ് ഈ വിദ്യാലയത്തിന്റെ മാനേജർമാർ. അവർ ചെയ്ത സേവനങ്ങൾ ഒരു കാലത്തും വിസ്മരിക്കാവുന്നതല്ല. ഈ സരസ്വതി ക്ഷേത്രത്തിന്റെ ഉയർച്ചക്കുവേണ്ടി അതാതു കാലത്ത് ആത്മാർത്ഥമായി പ്രവർത്തിച്ചിട്ടുള്ള എല്ലാവരോടും നന്ദി പ്രകാശിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് ഞങ്ങൾ പൊതുജനസമക്ഷം സമർപ്പിച്ചുകൊള്ളുന്നു.

***

# ഗുരുസ്മരണ

കാരണമേ! കലാകന്ദമേ, ജീവിത-
കാമനയാണു, കർമചൈതന്യം നീ
കേവലം നീ,യിറപ്പും പിറപ്പും നീ
കാലനാണു നീ; കാമവും നീ തന്നെ
നീയമേയം നിരുപമ,മദ്ഭുതം
നീയനന്ത, മനാദിയജ്ഞേയം നീ
സത്യമായതും സത്തുമസത്തും നീ
നിത്യമായതും നീതിയും നീ തന്നെ.
മുന്നിലാക്കുന്നിതെന്നെനീ, നീ തന്നെ
പിന്നിലാക്കുന്നു; പൊക്കുന്നു താഴ്ത്തുന്നു
നീ ജനിപ്പിപ്പു നീ മരിപ്പിക്കുന്നു
നീ നയിപ്പു ചരാചരം സർവവും
സർവശക്തി നീ ഭുക്തി നീ മുക്തി നീ
സർവസാക്ഷി നീ സർവജ്ഞനീശ്വരൻ
നീയൊഴിഞ്ഞുമറ്റൊന്നില്ല; നീ ഗുരു!
നീയഭയം! നിനക്കായ് നമിപ്പുഞാൻ

രചന : അച്യുതൻ മാസ്റ്റർ

# പ്രകൃതി

പ്രകൃതി നീ എത്ര മനോഹരം
അതിൽ വസിക്കുന്നതെത്ര സുന്ദരം
സർവ്വ ജീവജാലങ്ങൾക്കും നീയേ തുണ
നീതരും വായുവും,ജലവും സർവ്വവും
ശിശരവും, വസന്തവും ഗ്രീഷ്മവും
എല്ലാം നിന്നിൽ അലിയുന്നു
മലകളും,പുഴകളും,സസ്യലതാദികളും
മനോഹരിയാക്കുന്നു നിന്നെ



മാനവർ വന്നു നിൻെറ മാറിൽ
മാലിന്യങ്ങൾ തള്ളുമ്പോഴും
അതു നീ സങ്കടത്തോടെ ഏറ്റുവാങ്ങുന്നു
നിൻമാറിൽ വൻ സൗധങ്ങൾ നിർമ്മിക്കുമ്പോൾ
കണ്ണീരോടെ എല്ലാം സഹിക്കുന്നു നീ
ഒരു ദിനം തിരിച്ചുതരുന്ന നിൻ പ്രതികാരം
അതു അഗ്നിയായ്,പ്രളയമായി
നീ എല്ലാം വിഴുങ്ങുന്നു

Harshanath m.s

IX A

# താളപ്പിഴകൾ



എവിടെയോ താളം പിഴച്ചുപോയെൻ പാട്ടി –
ലെവിടെയോ ശ്രുതിഭംഗമുയരുന്നിതാ
ഇവിടെയീ വേദിയിലിടറുന്ന കണ്ഠങ്ങ –
ളുരുവിടുന്നതോ വിഷാദഗാനം
ഇടറുന്നു പാദങ്ങളിനിയത്രദൂരമെ –
ന്നനുയാത്ര? ഈ ഇരുൾപ്പാതകളിൽ
ഒരു കീറുവെളിച്ചത്തിനായ് തേടുന്നു
മിഴികളെങ്ങെങ്ങുമീക്കൂരിരുട്ടില
എവിടെയെന്നുഷര സങ്കല്പഭൂമിയിൽ
അമൃതം ചൊരിയുന്ന വർഷമേഘം ?
എവിടെ മോഹകേദാരങ്ങളെത്തൊട്ടു
തഴുകികടന്നുപോം മന്ദാനിലൻ ?
എവിടെയും തിരയുന്നിതോർമ്മതൻ താളുകൾ –
ക്കിടയിൽ മറഞ്ഞ മയിൽപ്പീലിയെ
ഏതോപഴം പാട്ടിലിതൾ നീർത്തിവിടരുന്ന
നഷ്ടബാല്യത്തിൻ മധുരിമയെ
ഇനിയുമീത്തീരാത്ത തേടലിൽ നിന്നെനി –
ക്കൊരുമാത്രമോചനം നൽകീടാനായ്
ശ്രുതിഭംഗമില്ലാത്ത താളംപിഴക്കാത്ത
പുതിയൊരു ഗാനം ഞാൻ പാടീടട്ടെ–

**ശ്രീ ജെ.കെ വാളൂർ**

# ഇഷ്ടമാണെങ്കിലും

എന്റെ പ്രിയ കാർമേഘമേ,

നിന്നിൽ നിന്നു ഞാൻ കേൾക്കാൻ ആഗ്രഹിക്കുവാൻ...

"തോരാതെ പെയ്യാം ഞാൻ

ശ്രുഷ്കിച്ചാലും ശമിക്കാതെ......



പിഞ്ഞിച്ചിതറിയാലും

അറുതിയില്ലാതെ......

നീ കുളിർന്നീടുകിൽ....

നീ തളിർത്തീടുകിൽ....

അത്രമേൽ ഇഷ്ടമാണെനിക്കുനിന്നെ.....

*നിന്നെ മാത്രം....."*

# മഴ നനഞ്ഞോരൻറ ബാല്യം

ജീവിതം മൊട്ടിട്ടുയർന്നാർത്തു
പെരുകുമോരോ മഴക്കും പിന്നെ
എവിടെയോ പോയോളിക്കും
കാശിതുമ്പകൾ അല്ലോ നമ്മൾ

മഴ വരുംനേരമാർത്തു വിളിച്ചത്
നനഞ്ഞോരെൻ ബാല്യം
ഒക്കെകണ്ടൊരു ചിരിയാർന്നു നിൽക്കുമെൻ
മുത്തശ്ശിതേന്മാവു  പഴങ്ങളാൽ എന്നെ
ഒരുപാടു സൽക്കരിച്ചിരുന്നു .



# സമീപ ദർശനം

ഒരിക്കൽ ഒരു രാജ്യത്ത് ഒരു അച്ഛനും ഒരു അമ്മയും ഉണ്ടായിരുന്നു. അവർക്ക് രണ്ടുപേർക്കും നല്ല ഉദ്യോഗവും നല്ല ബാങ്ക് അക്കൗണ്ടുകളും ഉണ്ടായിരുന്നു. അവർക്ക് ഒരു മനോഹരമായ ബംഗ്ലാവും വിലകൂടിയ കാറും ഉണ്ടായിരുന്നു. കൂടാതെ അവർക്കൊരു മകനുമുണ്ടായിരുന്നു. ഓവർടൈമിന്റെയും ഷെയർ മാർക്കറ്റിന്റെയും തിരക്കിനിടയിലും

അവർ മകൻറെ വിദ്യാഭ്യാസകാര്യത്തിൽ അതീവ ശ്രദ്ധാലുക്കളായിരുന്നു.
മകൻ നന്നായി പഠിച്ചു. നന്നായി ക്രിക്കറ്റ് കളിച്ചു. ബാക്കിസമയം ദൂരദർശനും കേബിളും കണ്ടു.
ഇടയിലെപ്പോഴോ ക്രിക്കറ്റ് കളി നിർത്തി ടിവിയിൽ കളി കാണുവാൻ തുടങ്ങി. കളി, കളിക്കുവാൻ ഉള്ളതല്ല കാണുവാൻ ഉള്ളതാണ് എന്ന ബോധോദയം അവനു ഉണ്ടായി. അവൻറെ ഭാഗ്യമെന്നു പറയട്ടെ, അവൻ ഉണർന്നിരിക്കുന്ന സമയങ്ങളിലെല്ലാം ഏതെങ്കിലും ചാനലിൽ കളി ഉണ്ടായി.
ഒടുവിൽ ഒരുദിവസം അവൻറെ മുടി മുഴുവൻ കൊഴിഞ്ഞുപോയി. മൊട്ടത്തലയിൽ മനോഹരങ്ങളായ രണ്ടു കൊമ്പുകൾ മുളച്ചുവന്നു. അധികം താമസിയാതെ ആരും കണ്ടാൽ കൊതിക്കുന്ന ഒരു വാലും അവന് അനുഗ്രഹമായി വന്നു. തൻറെ അപൂർവ സിദ്ധികളിൽ മകൻ സന്തോഷഭരിതനായി. എങ്കിലും ആ സന്തോഷം പങ്കുവെക്കാൻ

മാതാപിതാക്കൾക്ക് കഴിഞ്ഞില്ല. കൊമ്പുകളും വാലുമുള്ള കുട്ടിയെ എൻട്രൻസ് പരീക്ഷയ്ക്ക് ഇരിക്കുവാൻ അധികാരികൾ അനുവദിക്കുമോ എന്ന കൊടിയ സംശയം അവരെ വ്യാകുലചിത്തരാക്കി.

അങ്ങനെ കഴിയുന്ന കാലത്ത് ഒരു



പ്രഭാതത്തിൽ അവരുടെ വീടിന് മുന്നിൽ ഒരു വിദേശ നിർമ്മിത വാഹനം വന്നു

നങ്കൂരമിട്ടു. ആധുനിക വേഷധാരികളായ രണ്ടുപേർ അവരുടെ മകനെ വാനോളം പുകഴ്ത്തി. ഒരു വൻ തുകക്ക് കരാറെഴുതി ഭീമമായ ഒരു സംഖ്യ അഡ്വാൻസായി നൽകുകയും ചെയ്തു. മകനെ അവർ കൂട്ടിക്കൊണ്ടുപോയി.

അമ്മയും അച്ഛനും തുക ഏതു വിധത്തിൽ നിക്ഷേപിക്കണം എന്ന ആലോചനയിലും തർക്കങ്ങളിലും മുങ്ങി. പിന്നീട് തങ്ങളുടെ പ്രിയ പുത്രൻ ടിവിയിൽ പ്രത്യക്ഷപ്പെട്ടു ചെകുത്താന്റെ വേദം പ്രചരിപ്പിക്കുന്നത് കണ്ടു ഹർഷപുളകിതരായി അവർ ഏറെ കാലം ജീവിച്ചു.

BY;

PRANAV C.S

major

works of our school

ഞങ്ങളുടെ വിദ്യാലയത്തിൽ വായനാദിനത്തിൻറെ ഭാഗമായി  നടന്ന പുസ്തക പ്രദർശനം പുസ്തകങ്ങളെകുറിച്ച് പഠിക്കാനുംവായനാശീലംവളർത്തുവാനുംഞങ്ങളുടെ വിദ്യാലയംഞങ്ങൾക്ക് പൂർണ്ണ പിന്തുണ നൽകുന്നു



ഞങ്ങളുടെ വിദ്യാലയം കൃഷിയുടെ രംഗത്തും കൊടുക്കുന്ന

മുൻഋക്കം ഞങ്ങളുടെ മണ്ണിനോടും നാടിനോടുള്ള സ്നേഹവും താൽപര്യവും വർധിപ്പിക്കുന്നു







ഞങ്ങളുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് നിർമിച്ച കൃഷി തോട്ടം













ഞങ്ങളുടെ വിദ്യാലയത്തിലെ സയൻസ് ക്ലബ്ബിൻറെ ഉദ്ഘാടനം






WATER
INDICATOR
LOW
MEDIUM
HIGH
FULL

ഞങ്ങളുടെ വിദ്യാലയം കായിക മേളയിലും കായികാഭ്യാസങ്ങളും നൽകുന്ന പിന്തുണ ഞങ്ങളുടെ നിത്യജീവിതത്തിൽ
ഉപയോഗപ്രദമാകുന്നു





# നന്ദി

# ഗാന്ധി സ്മാരക ഹൈ സ്കൂൾ

## അഷ്ടമിച്ചിറ

*by*

## മിന്നാമിനുങ്ങുകൾ